ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

NATIONAL BULLETIN

DATE: 26-04-2026 | പ്രധാന വാർത്തകൾ | TIME : 12.50 PM

1. ഭാരതത്തിന്റെ സിവിൽ ന്യൂക്ലിയർ പദ്ധതി രാഷ്ട്ര നിർമ്മാണത്തിന് ഗണ്യമായ സംഭാവന നൽകുന്നതായി മൻ കി ബാത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി. കൽപ്പാക്കം ഫാസ്റ്റ് ബ്രീഡർ റിയാക്ടർ ക്രിട്ടിക്കാലിറ്റി കൈവരിച്ചത് നിർണായക നാഴികക്കല്ലാണെന്നും പ്രധാനമന്ത്രി.

   **Prime Minister Narendra Modi, in Mann Ki Baat, said that India's civil nuclear programme has made a significant contribution to nation-building. The Prime Minister said that the Kalpakkam Fast Breeder Reactor achieving criticality is a major milestone.**

2. സെൻസസ് പ്രക്രിയയിൽ എല്ലാവരും പങ്കെടുക്കണമെന്നും മൻ കി ബാത്തിൽ അഭ്യർത്ഥന. യൂറോപ്യൻ ഗേൾസ് മാത്തമാറ്റിക്കൽ ഒളിമ്പ്യാഡിൽ മികച്ച പ്രകടനം കാഴ്ചവച്ച മലയാളി വിദ്യാർത്ഥിനി സഞ്ജന ചാക്കോയ്ക്ക് പ്രധാനമന്ത്രിയുടെ അഭിനന്ദനം.

   **In Mann Ki Baat, the Prime Minister appealed to everyone to participate in the census process. He also congratulated Malayali student Sanjana Chacko for her outstanding performance at the European Girls' Mathematical Olympiad.**

3. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നടക്കുന്ന പ്രകൃതി സംരക്ഷണ പ്രവർത്തനങ്ങളെക്കുറിച്ചും മൻ കി ബാത്തിൽ പരാമർശം. പ്രകൃതിയും മനുഷ്യരും വേറിട്ടതല്ലെന്ന് പ്രധാനമന്ത്രി.

   **In Mann Ki Baat, the Prime Minister also referred to nature conservation**

activities taking place in different parts of the country. He said that nature and human beings are not separate.

4. പശ്ചിമബംഗാളിൽ രണ്ടാംഘട്ട തിരഞ്ഞെടുപ്പിന്റെ പരസ്യപ്രചാരണം നാളെ അവസാനിക്കും. വോട്ടെടുപ്പ് 29 ന്.

**Campaigning for the second phase of elections in West Bengal will end tomorrow. Polling will be held on the 29th.**

5. പൂരാവേശത്തിൽ തൃശ്ശൂർ; ചെറുപൂരങ്ങളെ വരവേറ്റ് ദേശക്കാർ.

**Thrissur is in festive fervour as the Pooram rituals progress.**

6. ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് രണ്ട് മത്സരങ്ങൾ. ചെന്നൈ ഗുജറാത്തിനെയും, ലക്നൗ - കൊൽക്കത്തയെയും നേരിടും.

**Two matches will be played today in the Indian Premier League. Chennai Super Kings will take on Gujarat Titans, while Lucknow Super Giants will face Kolkata Knight Riders.**

❋❋❋❋❋❋❋❋❋❋❋❋❋

## MKB - NUCLEAR (INTRO)

ഭാരതത്തിന്റെ സിവിൽ ന്യൂക്ലിയർ പ്രോഗ്രാം രാഷ്ട്ര നിർമ്മാണത്തിന് ഗണ്യമായ സംഭാവന നൽകുന്നതായി മൻ കി ബാത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി. ഇത് വ്യാവസായിക വളർച്ചയ്ക്കും, ആരോഗ്യമേഖലയ്ക്കും ഏറെ ഗുണം പകരുന്നതായും അദ്ദേഹം പറഞ്ഞു. തമിഴ്നാട്ടിലെ കൽപ്പാക്കത്തുള്ള ഫാസ്റ്റ് ബ്രീഡർ റിയാക്ടർ ക്രിട്ടിക്കാലിറ്റി കൈവരിച്ചത് രാജ്യത്തിന്റെ അണവോർജ്ജ യാത്രയിലെ നിർണായക നാഴികക്കല്ലാണെന്നും പ്രധാനമന്ത്രി വ്യക്തമാക്കി. പൂർണ്ണമായും തദ്ദേശീയ സാങ്കേതികവിദ്യ ഉപയോഗിച്ചാണ് ഈ ആണവ റിയാക്ടർ നിർമ്മിച്ചിരിക്കുന്നത്. ഭാരതത്തിന്റെ ആണവ പദ്ധതിക്ക് വിലമതിക്കാനാവാത്ത സംഭാവനകൾ നൽകിയ

എല്ലാവരെയും ഈ സന്ദർഭത്തിൽ അഭിനന്ദിക്കുന്നതായും ശ്രീ മോദി വ്യക്തമാക്കി.

(ഹോൾഡ്)

******************************

## MKB - WIND (INTRO)

കാറ്റിൽ നിന്നുള്ള ഊർജ്ജോത്പാദനത്തിലും രാജ്യം അടുത്തിടെ സുപ്രധാന നാഴികക്കല്ല് പിന്നിട്ടതായി പ്രധാനമന്ത്രി മൻ കി ബാത്തിൽ പറഞ്ഞു. കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ 6 ഗിഗാവാട്ടോളം ശേഷി വർദ്ധനയാണ് സാധ്യമാക്കിയത്. വിൻഡ് എനർജി ശേഷിയിൽ ലോകത്ത് നാലാം സ്ഥാനത്താണ് ഇന്ത്യ. ഗുജറാത്ത്, തമിഴ്നാട്, മഹാരാഷ്ട്ര, രാജസ്ഥാൻ തുടങ്ങിയ സംസ്ഥാനങ്ങൾ ഈ മേഖലയിൽ കഴിവ് തെളിയിച്ചതായും അദ്ദേഹം പറഞ്ഞു. റിന്യൂവബിൾ എനർജി പാർക്കുകൾ യുവജനങ്ങൾക്ക് പുതിയ തൊഴിലവസരങ്ങൾ തുറക്കുന്നതായും ശ്രീ മോദി വ്യക്തമാക്കി.

(ഹോൾഡ്)

******************************

## MKB - SENSUS

രാജ്യത്തെ സെൻസസ് സർക്കാർ നടപടി എന്നതിലുപരി എല്ലാവരുടെയും ഉത്തരവാദിത്തമാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. ജനങ്ങളുടെ പങ്കാളിത്തം അതിൽ നിർണായകമാണെന്നും നൽകുന്ന വിവരങ്ങൾ പൂർണമായും സംരക്ഷിക്കപ്പെടുമെന്നും മൻ കി ബാത്തിൽ പ്രധാനമന്ത്രി പറഞ്ഞു. ഏവരും സെൻസസ് പ്രക്രിയയിൽ പങ്കെടുത്ത് കണക്കെടുപ്പ് വിജയകരമാക്കണമെന്നും അദ്ദേഹം ആഹ്വാനം ചെയ്തു. ലോകത്തിലെ ഏറ്റവും വലിയ സെൻസസ്

നടപടിയാണിതെന്നും, ഡിജിറ്റൽ രീതിയിലാണ് ഇക്കുറി സെൻസസ് നടപ്പാക്കുന്നതെന്നും പ്രധാനമന്ത്രി വ്യക്തമാക്കി.

*******************************

## MKB - MATHS OLYMPIAD

ഫ്രാൻസിലെ ബോർഡോയിൽ ഈ മാസം ആദ്യം നടന്ന യൂറോപ്യൻ ഗേൾസ് മാത്തമാറ്റിക്കൽ ഒളിമ്പ്യാഡിൽ തിരുവനന്തപുരത്ത് നിന്നുള്ള സഞ്ജന ചാക്കോ ഉൾപ്പെടെയുള്ളവർ കാഴ്ചവച്ച മികച്ച പ്രകടനത്തെ പ്രധാനമന്ത്രി നരേന്ദ്ര മോദി മൻ കി ബാത്തിൽ അഭിനന്ദിച്ചു. ഗണിതശാസ്ത്രത്തിൽ അതീവ താല്പര്യമുള്ള സ്കൂൾ വിദ്യാർത്ഥിനികൾക്കുള്ള മത്സരമാണിത്. മുംബൈയിൽ നിന്നുള്ള ശ്രേയ മുന്ധ്ഡ, സ്വർണ്ണ മെഡൽ നേടി ചരിത്രം സൃഷ്ടിച്ചപ്പോൾ മലയാളി വിദ്യാർത്ഥിനി സഞ്ജന വെള്ളി മെഡലാണ് നേടിയത്. ചെന്നൈയിൽ നിന്നുള്ള ശിവാനി ഭരത് കുമാർ, വെങ്കല മെഡലും നേടി. പ്രധാനമന്ത്രിയുടെ പരാമർശത്തിൽ സഞ്ജന സന്തോഷം പ്രകടിപ്പിച്ചു. ഈ നേട്ടം കൂടുതൽ പെൺകുട്ടികൾക്ക് പ്രചോദനമാകുമെന്ന് കരുതുന്നതായും സഞ്ജന ആകാശവാണി വാർത്തകളോട് പറഞ്ഞു. എല്ലാ വർഷവും, രാജ്യത്തുടനീളമുള്ള ഏകദേശം ആറ് ലക്ഷം വിദ്യാർത്ഥികൾ ഈ ഗണിത ഒളിമ്പ്യാഡിൽ പങ്കെടുക്കുന്നുണ്ട്.

*******************************

## MKB - BEATING RETREAT (INTRO)

രാജ്യത്ത് റിപ്പബ്ലിക് ദിനാഘോഷങ്ങളുടെ ഭാഗമായി നടന്ന ബീറ്റിങ്ങ് റിട്രീറ്റിനെക്കുറിച്ച് പറഞ്ഞ പ്രധാനമന്ത്രി കര, വ്യോമ, നാവിക സേനയുടെയും, കേന്ദ്ര സായുധ സേനയുടെയും ബാൻഡുകൾ വളരെ മികച്ച പ്രകടനങ്ങൾ ഈ വർഷം നടത്തിയതായി അനുസ്മരിച്ചു. ബീറ്റിംഗ് റിട്രീറ്റിന്റെ സംഗീതം

Waves OTTയിൽ ലഭ്യമാണെന്നും, ഭാവിയിൽ, മറ്റ് പ്ലാറ്റ്ഫോമുകളിലും ഇത് ലഭ്യമാകുമെന്നും അദ്ദേഹം അറിയിച്ചു.

(വോയിസ്....)

******************************

## MKB - ENVIRONMENT

രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള, പ്രകൃതി സംരക്ഷണത്തിന് പ്രചോദനാത്മകമായ ചുവടുവെയ്പുകളെക്കുറിച്ചും പ്രധാനമന്ത്രി മൻ കി ബാത്തിൽ പരാമർശിച്ചു. റാൻ ഓഫ് കച്ചിനെ ജീവസ്സുറ്റതാക്കി മാറ്റുന്ന ഫ്ലമിംഗോ പക്ഷികളെക്കുറിച്ചും, ഉത്തർപ്രദേശിലെ ഗജ് മിത്ര സംരംഭത്തെക്കുറിച്ചും അദ്ദേഹം പറഞ്ഞു. ഛത്തീസ്ഗഡിൽ കൃഷ്ണമൃഗങ്ങൾ വീണ്ടും പ്രത്യക്ഷപ്പെട്ടു തുടങ്ങിയതും, വംശനാശത്തിന്റെ വക്കിലെത്തിയിരുന്ന ഗ്രേറ്റ് ഇന്ത്യൻ ബസ്റ്റാർഡ് എന്ന പക്ഷികളുടെ പുനരുജ്ജീവനം മരുഭൂമി പ്രദേശങ്ങളിൽ സാധ്യമാക്കിയതും വലിയ നേട്ടങ്ങളാണെന്നും പ്രധാനമന്ത്രി വ്യക്തമാക്കി. പ്രകൃതിയും മനുഷ്യരും വേറിട്ടതല്ലെന്നും, നാം പ്രകൃതിയെ മനസ്സിലാക്കുകയും, ബഹുമാനിക്കുകയും വേണമെന്നും ശ്രീ മോദി മൻ കി ബാത്തിൽ വ്യക്തമാക്കി.

******************************

## MKB - BAMBOO

ബാംബൂ മേഖലയിലെ വടക്കു കിഴക്കൻ സംസ്ഥാനങ്ങളുടെ വിജയത്തെക്കുറിച്ചും പ്രധാനമന്ത്രി പറഞ്ഞു. മികച്ച ധാരാളം മുള ഉൽപ്പന്നങ്ങൾ ഇവിടെ നിർമ്മിക്കുന്നതായി പറഞ്ഞ അദ്ദേഹം, മുളയിൽ നിന്നും മൂല്യവർദ്ധിത ഭക്ഷ്യ ഉൽപന്നങ്ങൾ തയ്യാറാക്കുന്ന നാഗാലാൻഡിലെ സ്വയംസഹായ സംഘങ്ങളെക്കുറിച്ചും പരാമർശിച്ചു. മിസോറാമിലെയും, സിക്കിമിലെയും ബാംബൂ അധിഷ്ഠിത സംരംഭങ്ങളെക്കുറിച്ചും

അദ്ദേഹം വിശദീകരിച്ചു. വടക്കു കിഴക്കൻ സംസ്ഥാനങ്ങളിൽ നിന്നും മുള ഉൽപ്പന്നങ്ങൾ വാങ്ങാൻ ജനങ്ങളോട് അഭ്യർത്ഥിച്ച പ്രധാനമന്ത്രി ഈ മേഖലയിൽ പ്രവർത്തിക്കുന്നവർക്ക് അത് പ്രോത്സാഹനം പകരുമെന്നും വ്യക്തമാക്കി.

*******************************

## WB - ELECTION

പശ്ചിമ ബംഗാൾ നിയമസഭ തിരഞ്ഞെടുപ്പിന്റെ രണ്ടാം ഘട്ടത്തിലേക്കുള്ള പ്രചാരണം ഊർജ്ജിതമായി തുടരുന്നു. പരസ്യ പ്രചാരണം നാളെ അവസാനിക്കും. 29 നാണ് വോട്ടെടുപ്പ്. റോഡ് ഷോകൾ, റാലികൾ, പൊതു യോഗങ്ങൾ എന്നിവ മണ്ഡലങ്ങളിൽ സജീവമായി തുടരുന്നു. പ്രധാനമന്ത്രിയും ബിജെപി മുതിർന്ന നേതാവുമായ നരേന്ദ്ര മോദി ഇന്ന് റോഡ്ഷോയിലും പൊതുയോഗങ്ങളിലും പങ്കെടുക്കും. തൃണമൂൽ കോൺഗ്രസ് ജനറൽ സെക്രട്ടറി അഭിഷേക് ബാനർജിയും ഇന്ന് തിരഞ്ഞെടുപ്പ് റാലികളിൽ പങ്കെടുക്കുന്നുണ്ട്.

*******************************

## THRISSUR POORAM

ആവേശക്കടലായി തൃശൂർ പൂരം, ചെറുപൂരങ്ങളെ വരവേറ്റ് ദേശക്കാർ. കത്തുന്ന വെയിലിനെ വകവെക്കാതെ പതിനായിരങ്ങളാണ് തേക്കിൻകാട് മൈതാനത്തേക്ക് ഒഴുകിയെത്തുന്നത്. ഘടക പൂരങ്ങൾ വടക്കുന്നാഥ ക്ഷേത്രത്തിലേക്ക് രാവിലെ മുതൽ പുറപ്പെട്ടുതുടങ്ങി. 11 മണിക്ക് ശേഷമാണ് തിരുവമ്പാടിയുടെ മഠത്തിൽ വരവ്ആരംഭിച്ചത്. ഉച്ചക്ക് രണ്ടുമണിക്ക് ശേഷം ഇലഞ്ഞിത്തറമേളം നടക്കും. വൈകീട്ട് 5 മണിയോടെ നടക്കാനിരിക്കുന്ന തെക്കോട്ടിറക്കവും കുടമാറ്റവുമാണ് പിന്നീടുള്ള പ്രധാന ചടങ്ങുകൾ. മുണ്ടത്തിക്കോട് അപകടത്തിന്റെ പശ്ചാത്തലത്തിൽ ഇത്തവണ

15 മിനിറ്റ് മാത്രമാണ് കുടമാറ്റം നടക്കുക. പൂരത്തോടനുബന്ധിച്ച് ശക്തമായ സുരക്ഷാ ക്രമീകരണങ്ങളാണ് തൃശൂർ നഗരത്തിൽ ഒരുക്കിയിരിക്കുന്നത്.

******************************

## RAGHU RAI - DEMISE

വിഖ്യാത ഫോട്ടോഗ്രാഫർ രഘു റായ് അന്തരിച്ചു. 83 വയസ്സായിരുന്നു. ഏറെ നാളായി അർബുദ ചികിത്സായിലായിരുന്നു. ആധുനിക ഇന്ത്യയുടെ ദൃശ്യപരമായ നേർസാക്ഷ്യമായാണ് രഘു റായിയുടെ ഫോട്ടോഗ്രാഫി വിശേഷിക്കപ്പെടുന്നത്. ഭോപ്പാൽ ദുരന്തം അടക്കമുള്ള സന്ദർഭങ്ങളിൽ അദ്ദേഹത്തിന്റെ ചിത്രങ്ങൾ ലോകശ്രദ്ധ നേടിയിരുന്നു.

******************************

## DAY TRUMP ATTACK

വാഷിംഗ്ടൺ ഡിസിയിലെ ഹോട്ടലിൽ യുഎസ് പ്രസിഡന്റ് പങ്കെടുത്ത അത്താഴ വിരുന്നിനിടെ വെടിവെയ്പുണ്ടായതിനെ തുടർന്ന് പ്രസിഡന്റ് ഡോണൾഡ് ട്രംപിനെയും, പ്രഥമ വനിത മെലാനിയ ട്രംപിനെയും, വൈസ് പ്രസിഡന്റ് ജെ ഡി വാൻസിനെയുമടക്കം സുരക്ഷിതമായി പുറത്തെത്തിച്ചു. കാലിഫോർണിയയിൽ നിന്നുള്ള ഒരാളെ സുരക്ഷാ ഉദ്യോഗസ്ഥർ പിടികൂടിയതായി ഡൊണാൾഡ് ട്രംപ് വൈറ്റ് ഹൗസിൽ വാർത്താസമ്മേളനത്തിൽ അറിയിച്ചു.

******************************

## IPL - ISL

ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് രണ്ടു മത്സരങ്ങൾ. വൈകിട്ട് 3.30 ന് നടക്കുന്ന ആദ്യ മത്സരത്തിൽ ചെന്നൈ സൂപ്പർ കിങ്സ്, ഗുജറാത്ത് ടൈറ്റൻസിനെ നേരിടും. വൈകിട്ട് 7.30ന് നടക്കുന്ന

രണ്ടാം മത്സരത്തിൽ ലക്നൗ സൂപ്പർ ജയന്റ്സ്-കൊൽക്കത്ത നൈറ്റ് റൈഡേഴ്സിനെയാണ് നേരിടുന്നത്. ISL ഫുട്ബോളിൽ ഇന്ന് സ്പോർട്ടിങ്ങ് ഡൽഹി, മൊഹമ്മദൻ SC യെ നേരിടും. വൈകിട്ട് അഞ്ചിന് ഡൽഹിയിലാണ് മത്സരം.

*

*************

***********************************************